## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2830 | 20.07.2011ൽ മറുപടിക്ക് |

### സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ: | ഡോ.എം.കെ.മുനീർ, (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് കൂടുതൽ പ്രയോജന പ്രദമാകുന്ന രീതിയിൽ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളെ മാറ്റിയെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ആകെ 78 ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പഠനത്തിനാവശ്യമായ സാമ്പത്തികവും ഭൗതികവുമായ സഹായങ്ങൾ, തൊഴിൽ പരിശീലനം, വൈദ്യസഹായം, പുനരധിവാസ സഹായം, കൗൺസിലിംഗ്, നിയമസഹായം, ബോധവത്കരണം തുടങ്ങിയ സൗകര്യങ്ങൾ നൽകിവരുന്നു. സി-സ്റ്റെഡ് മുഖേന 14 ജില്ലകളിലും ദുർബല വിഭാഗത്തിൽപ്പെട്ട വനിതകൾക്കും, സ്ഥാപനത്തിലെ അന്തേവാസികൾക്കുമായി തൊഴിൽ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. സ്വന്തമായി സ്ഥലം ലഭിച്ചിട്ടുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളും ശോച്യാവസ്ഥയിലുള്ള കെട്ടിടങ്ങൾക്ക് അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള നടപടികളും ഇതിനോടകം |

| | |
|---|---|
| | സ്വീകരിച്ചിട്ടുണ്ട്.<br>ജെ.ജെ.സ്ഥാപനങ്ങളിലും സ്വന്തമായി കെട്ടിടമുള്ള മഹിളാ മന്ദിരങ്ങളിലും കമ്പ്യൂട്ടർ പഠനത്തിനുള്ള നൂതന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി)<br>അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം 1-6-2006-ന് ശേഷം 31-3-2011 നകം എത്രയാണ് വർദ്ധിപ്പിച്ചത്; പ്രസ്തുത വർദ്ധനവ് എത്ര പേർക്ക് ഗുണം ലഭിക്കുകയുണ്ടായി; വിശദാംശം വ്യക്തമാക്കാമോ; | (ബി)<br>16.01.2007-ലെ സ.ഉ(സാധാ)നം.28/2007/സാക്ഷേവ ഉത്തരവ് പ്രകാരം അധിക ഹോണറേറിയം 150 രൂപ വർദ്ധിപ്പിച്ചിരിക്കുന്നു. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സംസ്ഥാന സർക്കാർ നൽകി വരുന്ന 550/-രൂപ അധിക ഹോണറേറിയത്തിനു പുറമേ പ്രതിമാസം 450/-രൂപ കൂടെ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. സർവ്വീസിൽ ഉണ്ടായിരുന്ന എല്ലാം അംഗൻവാടി പ്രവർത്തകർക്കും വർദ്ധനവിന്റെ ഗുണം ലഭിച്ചിട്ടുണ്ട്. |
| (സി)<br>വികലാംഗരുടേയും മറ്റും സാമൂഹ്യ ഉന്നമനത്തിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് 2006-2011 കാലഘട്ടത്തിൽ നടപ്പിലാക്കിയത് എന്ന് വിശദീകരിക്കാമോ? | (സി)<br>2006-11 കാലഘട്ടത്തിൽ താഴെപ്പറയുന്ന കാര്യങ്ങളാണ് വികലാംഗരുടെ ഉന്നമനത്തിനായി നടപ്പാക്കിയത്.<br>• വികലാംഗ സ്കോളർഷിപ്പ്.<br>• വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ<br>• വികലാംഗദുരിതാശ്വാസ നിധി.<br>• ശാരീരിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്കും ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ പെൺമക്കൾക്കും വിവാഹ ധനസഹായമായി 10,000/-രൂപ നൽകി വരുന്നു.<br>• ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പുനരധിവാസം ലക്ഷ്യമാക്കി |

| | |
|---|---|
| | സംസ്ഥാനത്തുടനീളമായി 18 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.<br>• വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്.<br>• ശാരീരിക മാനസിക വൈകല്യങ്ങൾ മൂലം ശയ്യാവലംബരായവർക്കുള്ള സംരക്ഷണം ഏറ്റെടുത്തിട്ടുള്ളവർക്ക് പ്രതിമാസം 300/-രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.<br>• **HMDC**/ഓർഫനേജുകൾ/സ്പെഷ്യൽ സ്കൂളിലെ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കാരുണ്യ നിക്ഷേപ പദ്ധതി.<br>• അന്ധ അഭിഭാഷകർക്ക് ധനസഹായം<br>• സർക്കാർ പൊതുമേഖല സ്വകാര്യ രംഗങ്ങളിൽ കാര്യക്ഷമമായി ജോലി ചെയ്യുന്ന വികലാംഗർക്ക് 10,000/-രൂപ ക്യാഷ് അവാർഡും പ്രശംസാപത്രവും നൽകുന്നു. വികലാംഗർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്ക് 5000/-രൂപ ക്യാഷ് അവാർഡും പ്രശംസാപത്രവും നൽകുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ